<u>**15 -ാം കേരള നിയമസഭ**</u>

<u>**16 -ാം സമ്മേളനം**</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2364** **05-02-2026 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ ക്ലീൻ സ്വീപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മാലിന്യമുക്ത കേരളത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പരിശോധന നടത്തുന്നതിന് ഓപ്പറേഷൻ ക്ലീൻ സ്വീപ്പ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. മാലിന്യമുക്ത നവകേരളത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ഹോട്ടലുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ പിടിച്ചെടുക്കാനും വ്യാപകമായി പരിശോധന നടത്തുന്നതിനും നിയമനടപടികൾ സ്വികരിക്കുന്നതിനുമായി ' ഓപ്പറേഷൻ ക്ലീൻ സ്വീപ്പ് ' എന്ന പേരിൽ സംസ്ഥാനത്തുടനീളം മിന്നൽ പരിശോധനകൾ നടത്തി വരുന്നു. |
| (ബി) | ശുചിത്വ നിയമങ്ങൾ കർശനമായി നടപ്പാക്കാൻ വകുപ്പ് തുടർച്ചയായി നടത്തുന്ന നടപടികളുടെ ഭാഗമായുണ്ടായ പുരോഗതി വ്യക്തമാക്കാമോ; | (ബി) | നിയമലംഘനങ്ങൾ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നതിനും, സ്പോട്ട് ഫൈൻ ചുമത്തൽ, ലൈസൻസ് റദ്ദാക്കൽ എന്നിവ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാനത്തുടനീളം എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിജിലൻസ് സ്ക്വാഡുകളും, ബ്ലോക്ക് തലത്തിൽ ഐ.വി.ഒ. സ്ക്വാഡുകളും, ജില്ലകളിൽ ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും പ്രവർത്തിച്ചു വരുന്നു. എൻഫോഴ്സ്മെന്റ് ടീമുകൾ പ്രവർത്തിക്കുന്നതിന്റെ ഭാഗമായി സ്വീകരിക്കുന്ന നടപടികൾ കൃത്യമായി രേഖപ്പെടുത്തുന്നതിനായി വാർറ്റും പോർട്ടൽ സംവിധാനം നടപ്പിലാക്കി. ഇതിലൂടെ എൻഫോഴ്സ്മെന്റ് ടീമുകൾ നടത്തുന്ന പ്രവർത്തനങ്ങളെ കാര്യക്ഷമമായി നിരീക്ഷിക്കാനും കൃത്യമായി വിലയിരുത്താനും സാധിച്ചു. ഈ സംവിധാനത്തിലൂടെ കഴിഞ്ഞ ഒരു വർഷത്തിൽ ആകെ 43,803 നിയമലംഘനങ്ങൾ കണ്ടെത്തുകയും, അവയ്ക്കെതിരെ നോട്ടിസുകൾ അയക്കുകയും പിഴ, |

| | | | |
|---|---|---|---|
| | | | പ്രോസിക്യൂഷൻ ഉൾപ്പടെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു. വൻകിട മാലിന്യ ഉൽപ്പാദകരുടെ നിയമ ലംഘനങ്ങൾക്കെതിരെ 3,146 നടപടികൾ സ്വീകരിച്ചു. ഇതിന്റെ ഭാഗമായി 9.72 കോടി രൂപ പിഴ ഈടാക്കി. കൂടാതെ 297 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. |
| (സി) | ഏതെല്ലാം തരത്തിലുള്ള ശുചിത്വ ചട്ടലംഘനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്നും അതിലൂടെ എത്ര തുക പിഴ ഈടാക്കാൻ സാധിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (സി) | 2025 ലെ ശുചിത്വ ചട്ട ലംഘനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ഡി) | ഓപ്പറേഷൻ ക്ലീൻ സ്വീപ്പ് പദ്ധതി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ? | (ഡി) | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ , വിജിലൻസ് സ്ക്വാഡുകൾ എന്നിവ തദ്ദേശ സ്ഥാപന തലത്തിലും IVO സ്ക്വാഡുകൾ ബ്ലോക്ക്തലത്തിലും ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ജില്ലാ തലത്തിലും പ്രവർത്തിക്കുന്നുണ്ട്. ടി സ്ക്വാഡുകൾ മുഖേന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

(സി) 2025 ലെ ശുചിത്വ ചട്ട ലംഘനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ ചേർക്കുന്നു

| നിയമലംഘനങ്ങൾ | ഈടാക്കിയ പിഴത്തുക |
|---|---|
| 1.പൊതു സ്ഥലങ്ങളിലേയ്ക്കോ സ്വകാര്യ സ്ഥലങ്ങളിലേക്കൊ മാലിന്യം വലിച്ചെറിയുന്നത് | 5,33,59,286 |
| 2.കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും പരിസരം വൃത്തിയായി സൂക്ഷിക്കാതിരിക്കുന്നത് | 1,59,81,623 |
| 3. യൂസർ ഫീസ് നൽകുന്നതിൽ വീഴ്ച വരുത്തുന്നത് | 12,58,854 |
| 4.ഉപയോഗിച്ച വെള്ളം പൊതു സ്ഥലങ്ങളിലേക്കോ ജലശയങ്ങളിലേക്കോ ഒഴുക്കുന്നത് | 1,03,21,487 |
| 5.അനധികൃതമായി മാലിന്യമോ വിസർജ്യ വസ്തുക്കളോ കൊണ്ട് പോകുന്നതിന് ഉപയോഗിച്ച വാഹനം പിടിച്ചെടുക്കലും കണ്ടുകെട്ടലും | 4,86,050 |
| 6.നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം | 1,02,16,619 |
| 7.മറ്റ് നിയമലംഘനങ്ങൾ | 56,18,340 |
| **ആകെ** | 9,72,42,259 |